**ഗവൺമെന്റ് പ്രമേയം**

ഭരണഘടനയിൽ സംസ്ഥാനത്തിന്റെ പേര് 'കേരളം' എന്നാക്കി മാറ്റണമെന്ന ആവശ്യം സംബന്ധിച്ച്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, "നമ്മുടെ സംസ്ഥാനത്തിന്റെ നാമധേയം മലയാള ഭാഷയിൽ കേരളം എന്നാണ്. ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ രൂപവൽക്കരിക്കപ്പെട്ടത് 1956 നവംബർ 1-നാണ്. കേരളപ്പിറവി ദിനവും നവംബർ 1-നാണ്. മലയാള ഭാഷ സംസാരിക്കുന്ന ജനവിഭാഗങ്ങൾക്കായി ഐക്യകേരളം രൂപപ്പെടണമെന്നത് ദേശീയ സ്വാതന്ത്ര്യസമര കാലം മുതൽ ശക്തിയായി ഉയർന്നുവന്നിരുന്ന ആവശ്യമാണ്. എന്നാൽ ഭരണഘടനയുടെ ഒന്നാം പട്ടികയിൽ നമ്മുടെ സംസ്ഥാനത്തിന്റെ പേര് 'കേരള' എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇത് 'കേരളം' എന്നാക്കി ഭേദഗതി വരുത്തുന്നതിന് ആവശ്യമായ അടിയന്തര നടപടികൾ ഭരണഘടനയുടെ അനുച്ഛേദം 3 പ്രകാരം കൈക്കൊള്ളണമെന്ന് ഈ സഭ കേന്ദ്ര സർക്കാരിനോട് ഐകകണ്ഠ്യേന ആവശ്യപ്പെടുന്നു." എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

നമ്മുടെ സംസ്ഥാനത്തിന്റെ ഔദ്യോഗിക നാമധേയം ഇന്ത്യൻ ഭരണഘടനയുടെ 8-ാം പട്ടികയിൽ ഉൾപ്പെട്ട എല്ലാ ഭാഷകളിലും 'കേരളം' എന്നാക്കി മാറ്റുന്നതിന് കേന്ദ്ര സർക്കാരിനോട് അഭ്യർഥിക്കുന്ന പ്രമേയം 09-08-2023-ന് നിയമസഭ ഐകകണ്ഠ്യേന പാസ്സാക്കിയിരുന്നു. പ്രസ്തുത പ്രമേയത്തിൽ ഭരണഘടനയുടെ ഒന്നാം പട്ടികയിൽ നമ്മുടെ സംസ്ഥാനത്തിന്റെ പേര് 'കേരള' എന്നതിനുപകരം 'കേരളം' എന്നാക്കി ഭേദഗതി ചെയ്യുന്നതിനും എട്ടാം പട്ടികയിൽ പറയുന്ന എല്ലാ ഭാഷകളിലും നമ്മുടെ നാട് 'കേരളം' എന്ന പേരിൽ മാറ്റണമെന്നുമാണ് ആവശ്യപ്പെട്ടത്. എന്നാൽ തുടർന്നുള്ള പരിശോധനയിൽ പട്ടിക ഒന്നിൽ മാത്രം ഭേദഗതി മതിയാകുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അതുകൊണ്ടാണ് ഇത്തരമൊരു പുതിയ പ്രമേയം അവതരിപ്പിക്കേണ്ടി വന്നത്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

പ്രമേയത്തിന്റെ മൂന്നാമത്തെ വരിയിലെ ‘ 1956 നവംബർ 1-നാണ് എന്നതിനുശേഷമുള്ള ഭാഗം ഇനി പറയുന്നത് പ്രകാരം മാറ്റുക:

"ഭാഷ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ രൂപവൽക്കരിക്കുന്നതിന്റെ ഭാഗമായി മലയാള ഭാഷ സംസാരിക്കുന്ന ജന വിഭാഗങ്ങൾക്കായി 1956 നവംബർ 1-ന് കേരള സംസ്ഥാനം രൂപീകരിക്കുകയുണ്ടായി. മലയാള ഭാഷയിൽ കേരളം എന്നാണ് പറയുന്നതെങ്കിലും ഇംഗ്ലീഷിൽ ഇത് കേരള എന്നാണ് ഉപയോഗിച്ചിരുന്നത്. അതുകൊണ്ടുതന്നെ പല രേഖകളിലും കേരളം എന്ന സംസ്ഥാനത്തിന്റെ പേര് കേരള എന്നായി പ്രയോഗിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ഇവ പൂർണ്ണമായും തിരുത്തി കേരളം എന്ന പ്രയോഗത്തിലേയ്ക്ക് കൊണ്ടുവന്നിട്ടുമുണ്ട്. എന്നാൽ ഭാരതത്തിന്റെ ഭരണഘടനയിലെ ഒന്നാം പട്ടികയിൽ സംസ്ഥാനങ്ങളുടെ പേര് രേഖപ്പെടുത്തിയിടത്ത് കേരള എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇത് മാറ്റി കേരളം എന്നാക്കി കിട്ടേണ്ടത് സംസ്ഥാനത്തിന്റെ ന്യായമായ ആവശ്യമാണ്. ഇക്കാര്യത്തിനായി ഭരണഘടനയുടെ അനുച്ഛേദം 3 പ്രകാരമുള്ള നിയമാനുസൃതമായ നടപടികൾ

സ്വീകരിക്കുവാൻ കേരള നിയമസഭ കേന്ദ്ര സർക്കാരിനോട് ഐകകണ്ഠ്യേന ആവശ്യപ്പെടുന്നു."

ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയത്തിന്റെ അന്തഃസത്തയെ എല്ലാ അർത്ഥത്തിലും ഉൾക്കൊള്ളുകയും അംഗീകരിക്കുകയും ചെയ്യുന്നു. ഈ പ്രമേയം നിയമസഭ ഐകകണ്ഠ്യേന പാസ്സാക്കി അയച്ചതാണെന്നകാര്യം നമ്മൾ ഇവിടെ കാണേണ്ടതാണ്. അതിന് ആർക്കുമിവിടെ വിയോജിപ്പുണ്ടായിരുന്നില്ല. ഇതൊരു സാങ്കേതിക പ്രശ്നം മാത്രമാണ്. നമ്മൾ മലയാളത്തിൽ 'കേരളം' എന്നുവിളിക്കും. സായിപ്പ്, ബ്രിട്ടീഷ്, ഇംഗ്ലീഷ് ഭാഷയിൽ 'കേരള' എന്നാണ് പറഞ്ഞിരുന്നത്. നമ്മൾ ഇവിടെ പല പേരുകളും തിരുത്തിയിട്ടുണ്ട്. 'ട്രിവാൻഡ്രം' മാറി 'തിരുവനന്തപുരം' ആയി, 'കാലിക്കറ്റ്' മാറി 'കോഴിക്കോട്' ആയി. അതുപോലെ ചെയ്യേണ്ട ഒരു കാര്യമാണിത്. പുതിയ സംസ്ഥാനം രൂപീകരിക്കുകയോ അല്ലെങ്കിൽ സംസ്ഥാനത്തിനോടൊപ്പം പേര് മാറ്റുകയോ ഒന്നുമല്ല ചെയ്യുന്നത്. സുൽത്താൻബത്തേരിക്ക് 'ഗണപതി വട്ടം' എന്ന പേരാക്കണമെന്നുള്ള പുതിയ ആശയക്കാരുണ്ടല്ലോ; അങ്ങനെയുള്ള ഒരു പരിപാടിയും ഇതിലില്ല; ഇക്കാര്യം

വളരെ ലളിതമാണ്. ഇത് നടത്തണമെങ്കിൽ ഇന്ത്യൻ ഭരണഘടന ഭേദഗതി ചെയ്യണം. കഴിഞ്ഞ തവണ പാസ്സാക്കിയ പ്രമേയത്തിൽ ഷെഡ്യൂൾ 8 കൂടി ഭേദഗതി ചെയ്യണമെന്നാണ് അനാവശ്യമായി നമ്മൾ ആവശ്യപ്പെട്ടത്. ഷെഡ്യൂൾ 8 എന്നുപറയുന്നത് അംഗീകൃത ഭാഷകളെ സംബന്ധിച്ചാണ്. അതിൽ നമുക്കൊരു തർക്കവുമില്ല. വളരെ കൃത്യമായി 'മലയാളം' എന്നുതന്നെ അതിൽ എഴുതി വച്ചിട്ടുണ്ട്. മാത്രമല്ല, 33 ഭാഷകൾ ഈ അംഗീകൃത ഭാഷാപട്ടികയിൽ ഉൾപ്പെടുന്നതിനുവേണ്ടി കാത്തുനിൽക്കുകയാണ്. ആ സമയത്ത് ആ 8-ാം ഷെഡ്യൂൾ റീ-ഓപ്പൺ ചെയ്യണമെന്ന വാദം വന്നതുകൊണ്ടാണ് നമ്മുടെ പ്രമേയം തിരികെവന്നത്. അതിന് കാരണക്കാരായവർ ആരാണ്? ഈ പ്രമേയം തയ്യാറാക്കിത്തരുന്നവർ വല്ലാത്തൊരു അപരാധമാണ് അക്കാര്യത്തിൽ ചെയ്തിട്ടുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രമേയം എഴുതിയെന്ന് ഞാൻ പറയുന്നില്ല. അനാവശ്യമായി ഒരു ഷെഡ്യൂൾ ഭേദഗതി ചെയ്യണമെന്ന് ഈ നിയമസഭ ഐകകണ്ഠ്യേന പാസ്സാക്കിയ ഒരു പ്രമേയത്തിൽ പറയുന്നത് പോരായ്മ തന്നെയാണ്. ഞങ്ങൾ ആരും അതിൽ ശ്രദ്ധ കൊടുത്തിട്ടില്ല. കാരണം, അതിൽ തർക്കിക്കേണ്ട പ്രശ്നമില്ല; 'കേരളം' എന്നാക്കി മാറ്റണമെന്ന

കാര്യത്തിൽ തർക്കമില്ല. പക്ഷേ അനാവശ്യമായി ഭരണഘടനയുടെ 8-ാം ഷെഡ്യൂൾ റീ-ഓപ്പൺ ചെയ്യണമെന്ന് നമ്മൾ ഒരു പ്രമേയം പാസ്സാക്കി. പ്രമേയം എഴുതി തയ്യാറാക്കുന്നവരുടെ വീഴ്ച കാരണമാണ് പ്രസ്തുത പ്രമേയം തിരിച്ചുവരാനും നമ്മൾ ഇപ്രകാരം തിരുത്തികൊടുക്കാനും ഇടയായിട്ടുള്ളതെന്നത് ഞാൻ ഈ സഭയുടെയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇവിടെ പട്ടിക ഒന്ന് മാത്രമാണ് ഭേദഗതി ചെയ്യേണ്ടത്. എട്ടാം പട്ടികയിൽ കൃത്യമായിട്ട് 'മലയാളം' എന്നുതന്നെയാണ് പറഞ്ഞിട്ടുള്ളത്. ഭരണഘടനയുടെ ഒന്നാം പട്ടിക ഭേദഗതി ചെയ്യണമെങ്കിൽ അത് മൂന്നാം ഷെഡ്യൂൾ പ്രകാരമുള്ള ഒരു ഭരണഘടനാ ഭേദഗതി പാർലമെന്റിൽ അവതരിപ്പിച്ച് അതുപ്രകാരം അതിനുവേണ്ട ഭേദഗതികൾ ഉയർത്തണമെന്ന് പ്രസിഡന്റ് നമ്മളോട് ആവശ്യപ്പെടണം. സത്യത്തിൽ ഇതിന്റെ ആവശ്യമെന്താണ്? സായിപ്പ് ഉപയോഗിച്ച ഭാഷയുടെ പ്രശ്നമാണിത്. അല്ലാതെ, മറ്റൊരു പുതിയ കണ്ടെത്തലോ പ്രശ്നങ്ങളോ അതിലില്ല; നമ്മുടെ സംസ്ഥാനത്തിന്റെ പേര് മാതൃഭാഷയായ മലയാളത്തിൽ 'കേരളം' എന്നാണ് വളരെ കൃത്യമായി

പറയേണ്ടത്. അതിനനുസരിച്ചുള്ള ഒരു ഭേദഗതിയാണ് ഞാനിവിടെ അവതരിപ്പിച്ചത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച ഈ പ്രമേയത്തിന്റെ ഘടന മാത്രമാണ് മാറ്റുന്നത്. ഈ ഘടനയിൽ ഇപ്പോഴും ആവശ്യമില്ലാത്ത പ്രയോഗങ്ങളുണ്ട്. അതായത് നവംബർ 1-ന് കേരള സംസ്ഥാനം രൂപീകരിക്കുകയുണ്ടായി എന്നുപറഞ്ഞിട്ട് നവംബർ ഒന്നിന് കേരളപ്പിറവി ദിനം എന്ന് ആവർത്തിച്ച് പറയുന്നുണ്ട്. അതെല്ലാം ഇതിന്റെ ഘടനാപരമായ പോരായ്മയാണെന്ന് ചൂണ്ടിക്കാണിക്കുന്നു. ഞാൻ അവതരിപ്പിച്ച ഭേദഗതിയിലുള്ളതുപോലെ മാറ്റുന്നതായിരിക്കും പ്രമേയത്തിന്റെ കൃത്യമായ ഫോക്കസിനും എക്സ്പ്രഷനും നല്ലത്. അതുകൊണ്ട് എന്റെ ഭേദഗതി അംഗീകരിക്കണമെന്നാണ് ഈ സന്ദർഭത്തിൽ പറയാനുള്ളത്. നിരുപദ്രവകരമായ ഏറ്റവും ലളിതമായ ഈ സംഗതി നടപ്പാക്കി കിട്ടണമെങ്കിൽ ഇതുപ്രകാരം കേന്ദ്ര സർക്കാർ ഭരണഘടന ഭേദഗതി ചെയ്യേണ്ടതാണ്. അതുകൂടി ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അതുകൊണ്ട് ആ രീതിയിൽ മാറ്റിയാൽ നന്നായിരിക്കും എന്നൊരു ഭേദഗതിയാണ് ഞാൻ മുന്നോട്ടുവയ്ക്കുന്നത്.

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാന്യനായ ശ്രീ. എൻ. ഷംസുദ്ദീൻ പ്രമേയത്തിലുള്ള വ്യത്യസ്തതല്ല സൂചിപ്പിച്ചത്. ഇതിനെക്കുറിച്ച് കൂടുതൽ വ്യക്തത വരുത്തുന്നതിനുവേണ്ടിയാണ് അദ്ദേഹം കാര്യങ്ങൾ പറഞ്ഞത്. അദ്ദേഹം സൂചിപ്പിച്ച കാര്യങ്ങളെല്ലാം പ്രസ്തുത പ്രമേയത്തിൽ ഉൾക്കൊള്ളുന്നവെന്നുള്ളതുകൊണ്ട് സൂചിപ്പിച്ച ഭേദഗതി ആവശ്യമില്ല. അതിനാൽ ടി ഭേദഗതി സ്വീകരിക്കേണ്ടതില്ല.

മി. സ്പീക്കർ: ശ്രീ. എൻ. ഷംസുദ്ദീൻ, അങ്ങയുടെ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച ഭേദഗതിയെ

അനുകൂലിക്കുന്നവര്...........

പ്രതികൂലിക്കുന്നവർ............

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

മി. സ്പീക്കർ: ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ..........

പ്രമേയം സഭ ഐകകണ്ഠ്യേന അംഗീകരിച്ചിരിക്കുന്നു.